പദവി രാജിവച്ചില്ല

എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റിനെ കോൺഗ്രസിൽനിന്നു പുറത്താക്കി

വൈപ്പിൻ: എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ഉണ്ണിക്കൃഷ്ണനെ കോൺഗ്രസിൽ നിന്നു പുറത്താക്കി. ഇതുസംബന്ധിച്ച് ജില്ലാ കോൺഗ്രസ് അധ്യക്ഷന്റെ കത്ത് ഇന്നലെ വൈകുന്നേരം എളങ്കുന്നപ്പുഴ മണ്ഡലം പ്രസിഡന്റ് കെ.എച്ച്. നൗഷാദ് ഉണ്ണിക്കൃഷ്ണനു നേരിട്ട് കൈമാറുകയായിരുന്നു.

യുഡിഎഫ് ഭരിക്കുന്ന എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് പദവിമാറ്റം സംബന്ധിച്ച് ഡിസിസി തലത്തിൽ ഉണ്ടാക്കിയ ധാരണകൾ ലംഘിച്ച് പ്രസിഡന്റ് പദവി രാജിവയ്ക്കാതിരുന്നതിലാണ് നടപടി.

രാജിവയ്ക്കാതിരുന്ന പ്രസിഡന്റിനു കഴിഞ്ഞ ആഴ്ച ഡിസിസി പ്രസിഡന്റ് അന്ത്യശാസനം നൽകിയിരുന്നു. രാജിവച്ചില്ലെങ്കിൽ നടപടിയെടുക്കുമെന്നും മുന്നറിയിപ്പു നൽകിയിരുന്നു. എന്നിട്ടും രാജിവയ്ക്കാതിരുന്ന സാഹചര്യത്തിലാണ് പുറത്താക്കൽ.

ഐ ഗ്രൂപ്പുകാരനായ ഉണ്ണിക്കൃഷ്ണൻ ഈ വർഷം ഓഗസ്റ്റിൽ നാലാം വാർഡംഗമായ എ ഗ്രൂപ്പുകാരി രസികല പ്രിയരാജിനു പ്രസിഡന്റ് പദവി കൈമാറണമെന്നായിരുന്നു കഴിഞ്ഞവർഷം ഡിസിസി തലത്തിൽ ഉണ്ടാക്കിയിട്ടുള്ള ധാരണ.

ധാരണ തെറ്റിച്ച ഇദ്ദേഹം അനാവശ്യകാരണങ്ങൾ പറഞ്ഞു രാജി നീട്ടിക്കൊണ്ടു പോകുകയായിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് വിമതനായി മത്സരിച്ച് വിജയിച്ച ഉണ്ണിക്കൃഷ്ണനെ പാർട്ടി ആയിടയ്ക്കും പുറത്താക്കിയിരുന്നു. പിന്നീട് കോൺഗ്രസിൽ തിരിച്ചെടുക്കുകയും എൽഡിഎഫ് ഭരിച്ചിരുന്ന എളങ്കുന്നപ്പുഴയിൽ ഇദ്ദേഹത്തിന്റെ സഹായത്തോടെ കഴിഞ്ഞവർഷം അവിശ്വാസപ്രമേയം കൊണ്ടുവന്ന് എൽഡിഎഫ് ഭരണം അവസാനിപ്പിക്കുകയും ചെയ്തു.



രാമനാഥപുരം രൂപതയുടെ ആതുര ശുശ്രൂഷാലയമായ തിരുപ്പൂർ മദർ തെരേസ പീസ് ഹോമിൽ വിശുദ്ധ മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ചു സ്ഥാപനത്തിന്റെ പുതിയ ബ്രോഷർ ബിഷപ് മാർ പോൾ ആലപ്പാട്ട് പ്രകാശനം ചെയ്യുന്നു. പീസ് ഹോം ഡയറക്ടർ ഫാ. വിനീത് ജോസ്, ഫാ. ഷിബിൻ വണ്ടനാംതടത്തിൽ എന്നിവർ സമീപം.

മദർ തെരേസ പീസ് ഹോമിൽ തിരുനാൾ

തിരുപ്പൂർ: രാമനാഥപുരം രൂപതയുടെ ആതുര ശുശ്രൂഷാലയമായ തിരുപ്പൂർ മദർ തെരേസ പീസ് ഹോമിൽ വിശുദ്ധ മദർ തെരേസയുടെ തിരുനാൾ ആഘോഷിച്ചു. സമ്മേളനം ബിഷപ് മാർ പോൾ ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. മദർ തെരേസ പീസ് ഹോമിന്റെ വളർച്ചയ്ക്കു സഹായിക്കുന്നവരെ അദ്ദേഹം നന്ദി അറിയിച്ചു. തുടർന്നും സഹകരണം ഉണ്ടാകണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. പീസ് ഹോം ഡയറക്ടർ ഫാ. വിനീത് ജോസ് അധ്യക്ഷത വഹിച്ചു. സ്ഥാപനത്തിന്റെ പുതിയ ബ്രോഷർ ഫാ. ഷിബിൻ വണ്ടനാംതടത്തിലിനു നൽകി മാർ ആലപ്പാട്ട് പ്രകാശനം ചെയ്തു.

മുത്തൂറ്റ് സമരം എല്ലാ അതിർവരമ്പുകളും ലംഘിച്ചു: കെഎൻബിഎഫ്സി

കൊച്ചി: മുത്തൂറ്റ് ഫിനാൻസിലെ തൊഴിലാളികൾ എന്ന വ്യാജേന ശാഖകളുടെ മുന്നിൽ നടത്തുന്ന സമരം എല്ലാ അതിർവരമ്പുകളും ലംഘിച്ചിരിക്കുകയാണെന്നു കേരള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് വെൽഫയർ അസോസിയേഷൻ(കെഎൻബിഎഫ്സി) ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. യൂണിയൻ നേതാക്കളുടെ ധാർഷ്ട്യവും ഗുണ്ടായിസവും കാരണം ഇടപാടുകാർക്കും ജീവനക്കാർക്കും ഇടപാടുകൾ നടത്താനും സമാധാനപരമായി ജോലി ചെയ്യാനും സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നു അവർ ചൂണ്ടിക്കാട്ടി. കേരളത്തിൽ മുത്തൂറ്റിന് 600 ഓളം ശാഖകളാണുള്ളത്. ഇതിൽ 300 ഓളം ശാഖകളുടെ മുന്നിലാണ് സമരം നടത്തുന്നത്.

കേരളത്തിൽ സമാധാനപരമായി ഓഫീസ് പ്രവർത്തിപ്പിക്കാനുള്ള അവസരമാണ് വേണ്ടതെന്ന് അസോസിയേഷൻ ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ് വ്യക്തമാക്കി. മുത്തൂറ്റ് അതിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയാണെങ്കിൽ കേരളത്തിലെ മറ്റു ധനകാര്യ സ്ഥാപനങ്ങളും ഈ വഴി തേടുമെന്നും രണ്ടു പ്രളയ ദുരന്തങ്ങൾ നേരിട്ട കേരളത്തിന്റെ സാമ്പത്തിക രംഗത്തിന് ഇത് കനത്ത തിരിച്ചടിയാകുമെന്നും വൈസ് ചെയർമാൻ കുര്യൻ സി. ജോർജ് ചൂണ്ടിക്കാട്ടി. ജീവനക്കാരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും രാജ്യത്ത് ഏറ്റവും നല്ല നിലയിൽ നല്കുന്നതിലും നടപ്പാക്കുന്നതിലും അസോസിയേഷൻ മുന്നിലുണ്ടെന്നും അവർ വ്യക്തമാക്കി.

ഞങ്ങളുടെ അംഗങ്ങളിൽ മിക്കവരും വലിയ സ്ഥാപനങ്ങളായി വളർന്നു രാജ്യത്താകമാനം ശാഖകളും പ്രവർത്തനവും വ്യാപിച്ചെങ്കിലും അവരുടെ അഗാധമായ ബന്ധവും സ്നേഹവും കേരളവുമായി പുലർത്തുന്നുണ്ട്. രാജ്യത്തെ പ്രശസ്തമായ മൂന്നു ധനകാര്യ-സ്വർണവായ്പാ കമ്പനികളുടെ ആസ്ഥാനമിപ്പോഴും കേരളമാണെന്നും അവയുടെ ഏറ്റവും കൂടുതൽ ശാഖകൾ ഈ സംസ്ഥാനത്താണെന്നും അവർ പറഞ്ഞു. കേരളത്തിൽ 70 ഓളം സ്ഥാപനങ്ങൾ അസോസിയേഷന്റെ കീഴിലുണ്ട്. ഈ കമ്പനികൾക്കു ദിവസേന 75000 ഉപഭോക്താക്കളുണ്ട്. 14,000 ജീവനക്കാർക്ക് കേരളത്തിൽ നേരിട്ടു ജോലി നൽകുന്ന ഈ കമ്പനികളിൽ സ്ത്രീകൾക്കു വീടിനടുത്ത് തന്നെ ജോലി ചെയ്യാൻ അവസരം ഒരുക്കുന്നുവെന്ന സവിശേഷതയുമുണ്ടെന്നും അവർ പറഞ്ഞു. സ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള നീക്കം ഉപേക്ഷിച്ചു ജീവനക്കാർക്കു ജോലി ചെയ്യാനുള്ള അവസരം ഒരുക്കാൻ തയാറാകണമെന്നും അവർ ആവശ്യപ്പെട്ടു.

ഓണാഘോഷത്തിനിടെ വിദ്യാർഥിനി കുഴഞ്ഞു വീണു മരിച്ചു

സുരഭി

തൊടുപുഴ: സ്വകാര്യ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൽ ഓണാഘോഷത്തിനിടെ വിദ്യാർഥിനി കുഴഞ്ഞു വീണു മരിച്ചു. മലപ്പുറം ഇടക്കര മുത്തേടംകണ്ടയിൽ കെ.സുന്ദരന്റെയും സരോജിനിയുടെയും മകളും മുട്ടം ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർഥിനിയുമായ സുരഭി(19) ആണ് മരിച്ചത്. ഇവിടെ പഞ്ചകർമ കോഴ്സ് പഠിക്കുകയായിരുന്നു സുരഭി.

ഓണാഘോഷ മത്സരത്തിൽ പങ്കെടുക്കാൻ സ്റ്റേജിലേക്കു കയറുന്നതിനിടെ കുഴഞ്ഞു വീഴുകയായിരുന്നു. ഉടൻ ബന്ധുക്കളായ രണ്ട് കുട്ടികളുൾപ്പെടെയുള്ള സഹപാഠികളും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരും മുട്ടത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചു.

നില വഷളായതിനെത്തുടർന്നു തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം സ്വകാര്യ ആശുപത്രി മോർച്ചറിയിൽ. സഹോദരങ്ങൾ: സൂരജ്, സൂര്യസുന്ദർ.

നവജാത ശിശു മരിച്ചു

അടിമാലി: താലൂക്ക് ആശുപത്രിയിൽ നവജാത ശിശു മരിച്ചു. മണിയാറാകുടി പുവത്തിങ്കൽ ജോസ് കുര്യൻ - ബേബി മോൾ തോമസ് ദമ്പതികളുടെ മൂന്ന് ദിവസം പ്രായമുള്ള ആൺകുഞ്ഞാണ് മരിച്ചത്.ഇന്നലെ രാവിലെ 10 മണിയോടെ കുഞ്ഞിന് അനക്കമില്ലാതെ വന്നതിനെ തുടർന്ന് ഡോക്ടർ പരിശോധിച്ചപ്പോഴാണ് കുഞ്ഞ് മരിച്ച വിവരം അറിഞ്ഞത്.

സേവ് കേരളാ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംരക്ഷണവും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും എന്ന വിഷയത്തിൽ എറണാകുളം ബിടിഎച്ചിൽ നടത്തിയ ആത്മപരിശോധനാസംഗമം പി.ടി. തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

ആത്മപരിശോധനാ സംഗമം നടത്തി

കൊച്ചി: സേവ് കേരളാ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംരക്ഷണവും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും എന്ന വിഷയത്തിൽ ആത്മപരിശോധനാ സംഗമം നടത്തി. എറണാകുളം ബിടിഎച്ചിൽ സംഘടിപ്പിച്ച പരിപാടി പി.ടി. തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

പശ്ചിമഘട്ട മലനിരകൾ ഹിമാലയം പോലെ ജലഗോപുരങ്ങളാണ്. അവയെ സംരക്ഷിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന വിപത്ത് പ്രവചനാതീതമാണെന്ന് അദ്ദേഹം പറഞ്ഞു.

മാധവ ഗാഡ്ഗിൽ കമ്മീഷൻ അംഗം ഡോ.വി.എസ്.വിജയൻ മുഖ്യപ്രഭാഷണം നടത്തി. സേവ് കേരള മൂവ്മെന്റ് പ്രസിഡന്റ് പി. ആർ.പത്മനാഭൻ നായർ അധ്യക്ഷത വഹിച്ചു. സി.ആർ. നീലകണ്ഠൻ, എസ്.സുഭാഷ് ചന്ദ്, കെ. ജി.രാധാകൃഷ്ണൻ, ഡി.ബി. ബിനു തുടങ്ങിയവർ പ്രസംഗിച്ചു.

ഇരുചക്രവാഹനങ്ങൾ കൂട്ടിയിടിച്ച് യുവാവ് മരിച്ചു

തിരുവല്ല: ഇരുചക്ര വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. മലയാലപ്പുഴ താഴെ പുലിപ്പാറ സോമന്റെ മകൻ എസ്. സോജുവാണ് (27) മരിച്ചത്. ബുധനാഴ്ച രാത്രി 10. 30 നു ടികെ റോഡിൽ തോട്ടഭാഗം കത്തോലിക്ക പള്ളിക്കു സമീപമായിരുന്നു അപകടം. എതിരേ വന്ന ബൈക്കിൽ സഞ്ചരിച്ചിരുന്ന ചങ്ങനാശേരി മാടപ്പള്ളി കൊച്ചുപറമ്പിൽ പി. കെ. രാഹുൽ കുമാറിന് (19) സാരമായി പരിക്കേറ്റു.

നന്തിലത്ത് ജി മാർട്ട് തിരുവല്ല ഷോറൂമിലെ സെയിൽസ്മാനായിരുന്ന സോജു ജോലിക്കു ശേഷം വീട്ടിലേക്ക് മടങ്ങുകയായിരുന്നു.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ സോജു ആശുപത്രിയിൽ എത്തും മുമ്പേ മരിച്ചു. സുലോചനയാണ് മരിച്ച സോജുവിന്റെ മാതാവ്. സോനു, സോജ എന്നിവരാണ് സഹോദരങ്ങൾ. സംസ്കാരം ഇന്നു രണ്ടിനു വീട്ടുവളപ്പിൽ.

ഓണസമ്മാനമായി തുണിസഞ്ചി

ആലുവ: പ്ലാസ്റ്റിക് കാരി ബാഗുകളുടെഉപയോഗംഒഴിവാക്കൻവാർഡ് കൗൺസിലർഅംഗങ്ങൾക്ക്തുണിസഞ്ചിവിതരണംചെയ്തു.ആറാം വാർഡ് സഭയിൽ ആലുവ നഗരസഭ ചെയർപേഴ്സൺ ലിസി ഏബ്രഹാമാണ് തുണിസഞ്ചികളുടെ വിതരണോദ്ഘാടനം നിർവഹിച്ചത്.

ദീപിക ക്ലാസിഫൈഡ്സ്

വായനക്കാർ ശ്രദ്ധിക്കാൻ

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

CHANGE OF NAME

ഓലിൽപുത്തൻപുര ബാലകൃഷ്ണൻ വിനീഷ്, ഓലിൽപുത്തൻപുര വീട്, ഇരമല്ലൂർ പി.ഒ., കോതമംഗലം, എറണാകുളം ജില്ല എന്ന ഞാൻ, എന്റെ മകളുടെ, ഗൗരി കൃഷ്ണ (പാസ്പോർട്ട് നമ്പർ R8062719) എന്ന പേര് ഗൗരി കൃഷ്ണ വിനീഷ് എന്ന് മാറ്റിയിരിക്കുന്നു.

E1909-407856

ആവശ്യമുണ്ട്

പാർട്ട്ണറെ ആവശ്യമുണ്ട്

ബാംഗ്ലൂർ, മാംഗ്ലൂർ ഹൈവേയിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്ന ആയുർവേദ ഹോസ്പിറ്റൽ, ആയുർവേദ റിസോർട്ടിലേക്ക്.
Ph: 9947774684

K1908-406332

ISRAYEL
IMMEDIATE VACANCY For CAREGIVERS

SAUDI ARABIA
MOH, MOD, PRIVATE HOSPITALS
GNM, BSc (M&F)

MALDIVES
Job Openings
IGMH HOSPITAL
Nurses:GNM, BSc (M&F)
Physiotherapy
Radiographer
EEG/ECG Technicians
CT, MRI, Technicians
Speach Therapy
Optometry
Lab Technician
Teachers (all subjects)

Emmanuels
Ettumanoor, Kottayam
9447601328, 9207771328

K1907-404180

WANTED

NABH&JCI accredited hospitals in India required nursing staffs.
Salary- up to **49000.** Forward CV to:
florenceplacement@gmail.com

Paramedical and other professionals also having vacancies

FLORENCE CONSULTANCY
PALA, KOTTAYAM
8301831451, 8848124993

K1909-407705

വിദ്യാഭ്യാസം

BSc നേഴ്സിംഗ്

കേരളത്തിൽ ഉള്ളതിലും കുറഞ്ഞ ചെലവിൽ മികച്ച സൗകര്യത്തോടെ എല്ലാവിധ അംഗീകാരവുമുള്ള ആന്ധ്രാപ്രദേശിലെ മെഡിക്കൽ കോളേജിൽ പഠിക്കുന്നതിന് സുവർണ്ണാവസരം. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നതിനും സാധിക്കും.

കാണികാട് എജ്യൂക്കേഷണൽ കൺസൾട്ടൻസി, മിത്രക്കരി
9447437119
8078809575

K908-406812

B.Sc. Nursing
മെഡിക്കൽ കോളേജിൽ
ഫീസ്, താമസം, ഭക്ഷണം ഉൾപ്പെടെ
3.90 PAKAGE Kerala, TN, KA, AP
B.Pharm കേരളത്തിൽ
BPT | B.Sc. Forensic Science
Post B.Sc. Rs.65000 year പഠനത്തോടൊപ്പം ജോലിയും | BDS 2 L/year
B.Sc. -OT, Anesthesia, MLT, Dialysis, Optometry, Radiology, Physician Assistant
Fees - 4 Lakhs Package Fees + Food + Accomodation
Royal Charitable Trust (R)
9496996899 | 9656969656

K1908-406328

I.T.I. അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
സോഷ്യൽ വെൽഫയർ ടെക്നിക്കൽ സ്കൂൾ
(An ISO Certified Institution)
An Undertaking of CST Fathers)
അസീസി ജംഗ്ഷൻ,ആലുവ
Ph: 0484-2627285, 2627407
Mob: 9072627285, 7559979075
email:swtsaitc@yahoo.co.in
Web:www.socialwelfafeiti.org
കേന്ദ്ര ഗവൺമെന്റ് അംഗീകാരമുള്ള
NCVT കോഴ്സുകൾ
(Qualifiaction: SSLC)
മെക്കാനിക് മോട്ടോർ വെഹിക്കിൾ – 2 Years
ഇൻസ്ട്രുമെന്റ് മെക്കാനിക്ക് – 2 Years
ഇലക്ട്രീഷൻ – 2 Years
വെൽഡർ – 1 Year
SWTS സർട്ടിഫിക്കറ്റ് കോഴ്സുകൾ
BCC - Basic Computer Course
CCC - Course on Computer Concept

E1908-406471

IELTS OET GERMAN LANGUAGE
A1-A2 - B1-B2
STUDY·WORK·MIGRATE
ELIZABETH International Training and Overseas Education Consultancy
Professional Complex, Thukalassery Thirumoolapuram, M.C. Road
THIRUVALLA
Ph: 8075047380
8281571590, 6282826970
H.O.: Mareena Towers, Kattakkayam Road
PALA
Ph: 04822 213986, 200387
9447037591, 8281571590
elizabethinternationalpala@gmail.com
elizabethinternational@yahoo.com
www.elizabethinternational.in

K1908-406939

ടൂർസ് ട്രാവൽസ്

വിശുദ്ധനാട് യാത്ര പാലായിൽ നിന്നും 84900* മാത്രം

വിശ്വസ്തതയുടെ 27 വർഷങ്ങൾ പിന്നിടുന്ന Speedwings രൂപതയിലെ വൈദികരുടെ നേതൃത്വത്തിൽ ഇസ്രായേൽ, ഈജിപ്ത്, ജോർദാൻ, പാലസ്തീൻ ഒക്ടോബർ 22 നും നവംബർ 07 നും പുറപ്പെടുന്നു. പ്രത്യേകതകൾ – എല്ലാ സൗകര്യങ്ങളും ഒരുക്കിയ യാത്ര ഏറ്റവും കുറഞ്ഞ നിരക്കിൽ (വൈദികർ ഒരു ശുശ്രൂഷയായി നടത്തുന്നതിനാൽ) എല്ലാ വിശുദ്ധ സ്ഥലങ്ങളും ഉൾപ്പെടുത്തി സന്ദർശന സ്ഥലങ്ങളുടെ ചരിത്രം, വിശ്വാസം, സാംസ്കാരികവുമായ പ്രത്യേകതകൾ വിശുദ്ധ ഗ്രന്ഥ അടിസ്ഥാനത്തിൽ മലയാളത്തിൽ വിശദീകരിച്ച് തരുന്ന പരിചയസമ്പന്നരായ മലയാളി ഗൈഡ് വൈദികർ.

SPEEDWINGS
Travels & Holidays,Pala
9447195867, 9495005353

K1908-406624

ബിസിനസ്

Wedding Cards VALAVI & Co.
Providence Road, Ernakulam
0484 2393018, 2393019
Trivandrum - Ph: 0471 2571105
Kollam - Ph: 0474 2760996
Thodupuzha - Ph: 04862 224970
Angamaly - Ph: 0484-2454398
Adoor - 04734 - 228990, 329111
Kannur - 9400556590
Trichur - Ph: 0487 2322182
Kottakal - Ph: 0483-3213355
Kanhangad ph: 9447301881
Kayamkulam Ph: 0479 3209635

E1908-406026

ഹോം നഴ്സിംഗ്

വെസ്റ്റേൺ ഹോം നേഴ്സിംഗ്
പത്തൊമ്പത് വർഷത്തെ സേവനപാരമ്പര്യമുള്ള സ്ഥാപനത്തിൽ രോഗീപരിചരണം, പ്രസവ ശുശ്രൂഷ, ശിശുപരിപാലനം, വീട്ടുജോലി (സ്ത്രീ, പുരുഷൻ). ശമ്പളം: Rs.13,000-23,000. ജോലിക്കും ജോലിക്കാർക്കും ബന്ധപ്പെടുക.
വെസ്റ്റേൺ ഹോം നേഴ്സിംഗ്
ഇഞ്ചനാട്ട് ബിൽഡിംഗ്
ഈരാറ്റുപേട്ട റോഡ്
മുട്ടം, തൊടുപുഴ
Ph: 04862-255326,
9388810095, 9446813356

K1907-403639

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം, (Female, Male) വീട്ടുജോലി, ശിശുപരിപാലനം, പ്രസവശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി ലഭിക്കേണ്ടവരും ബന്ധപ്പെടുക.
കൃപ ഹോം നേഴ്സിംഗ്
(ഈരാറ്റുപേട്ട റോഡ്)
ഗവ.ആയുർവേദ ആശുപത്രിക്ക് സമീപം
മുട്ടം, തൊടുപുഴ
Ph: 7902857211
04862-255982

K1908-407224

പണയസ്വർണം

സലാലാ ഗോൾഡ്
ബാങ്കിൽ പണയം വെച്ച സ്വർണ്ണം തിരിച്ചെടുത്ത് വിൽക്കാൻ സഹായിക്കുന്നു.
8129439988

Z1908-407245

പണയസ്വർണ്ണം വിൽക്കാൻ
കമ്മീഷനില്ലാതെ പണയത്തിലുള്ള സ്വർണ്ണം എടുത്ത് വിൽക്കാൻ സഹായിക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസ്
അൽ-മിനാർ ഗോൾഡ്
9747 32 41 81
9496 21 97 40

Z1908-406798

പണയസ്വർണ്ണം പത്രവിലയ്ക്ക്
വിൽക്കുവാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
ദുബായ് ഗോൾഡ്, ആലപ്പുഴ
Ph: 92077 04455
98954 38557

K1909-407664

KOLLINAL STEELS & ALLOYS PVT. LTD.
30/984 Gokulam Arcade, Vytila, Kochi-682 019
Ph: 0484 4032783, 98958 86360
Kollinalsteelltd@gmail.com
കമ്പി, സിമന്റ്, പ്ലൈറ്റ്, ചാനൽ, ആങ്കിൾ, ജോയിസ്റ്റ്, കെട്ടിടങ്ങൾക്കാവശ്യമായ മേച്ചിൽ ഷീറ്റുകൾ etc. സൈറ്റിൽ എത്തിച്ചുതരുന്നു.
1985 മുതൽ കേരളത്തിലെ പ്രമുഖ വിതരണക്കാർ...
സ്ഥാപനങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ
അംഗീകൃത വിതരണക്കാർ:
Sail, Vizag, Jindal, Essar, Coromandal Cement etc.

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148

T1908-407113

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ
■ മാഗസിനിൽ ■ 18 ബിബി
■ 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും ലൈസൻസുള്ള വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം
Ph:0484-2371598, 2353589
Stockist: Cochin Air Guns
Mob: 9061987450

E1905-400842

LCRD / എറണാകുളം ഡിവിഷൻ
ഗ്രൗണ്ട് ഫ്ളോർ, ഫെഡറൽ ടവേഴ്സ്, മറൈൻ ഡ്രൈവ്, കൊച്ചി – 31,
Tel: 0484-2385598, 2201800
Email: ekmlcrd@federalbank.co.in
FEDERAL BANK
YOUR PERFECT BANKING PARTNER

കൈവശാവകാശ നോട്ടീസ്

2002-ാം ആണ്ടിലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ-കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 13(12) വകുപ്പ് പ്രകാരവും ടി ആക്ടിലെ റൂൾ 3 പ്രകാരവും വായ്പക്കാരായ (1) **M/s. പെരിയാർ പ്ലൈവുഡ്സ്**, പാർട്ണർഷിപ്, മുട്ടിക്കൽ പി.ഒ, പെരുമ്പാവൂർ, എറണാകുളം-683547(2) **ശ്രീ. എം. കെ. കബീർ**, S/o പരേതനായ കൊച്ചുണ്ണി, മുച്ചേത്ത് ഹൗസ് (പെരിയാർ ഹൗസ്), മുട്ടിക്കൽ പി.ഒ, പെരുമ്പാവൂർ, എറണാകുളം-683547 (3) **ശ്രീമതി. ഫാജിത കബീർ**, W/o ശ്രീ.കബീർ എം.കെ, മുച്ചേത്ത് ഹൗസ് (പെരിയാർ ഹൗസ്), മുട്ടിക്കൽ പി.ഒ, പെരുമ്പാവൂർ, എറണാകുളം-683547 (4) **ശ്രീമതി. പാത്തുകൊച്ചുണ്ണി @ പാത്തു കെ. എ**, W/o പരേതനായ കൊച്ചുണ്ണി, മുച്ചേത്ത് ഹൗസ് (പെരിയാർ ഹൗസ്), മുട്ടിക്കൽ പി.ഒ, പെരുമ്പാവൂർ, എറണാകുളം-683547 എന്നിവർക്ക് **10-05-2019** തീയതി വച്ചയച്ച നോട്ടീസിൻപടി **ഫെഡറൽ ബാങ്കിന്** ലഭിക്കാനുള്ള തുകയായ രൂപ **1,35,51,152/-** യും പലിശയും 60 ദിവസത്തിനകം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും വായ്പക്കാർ തുക അടയ്ക്കുകയുണ്ടായില്ല. ആയതിനാൽ ടി ആക്ടിലെ 13(4) വകുപ്പും റൂൾ 8 പ്രകാരവും താഴെ വിവരിക്കുന്ന വസ്തുക്കൾ **03-09-2019** ന് ഞാൻ കൈവശപ്പെടുത്തിയ വിവരം വായ്പക്കാരേയും സഹവായ്പക്കാരേയും പൊതുജനങ്ങളെയും തെര്യപ്പെടുത്തിക്കൊള്ളുന്നു.

ടി സർഫേസി ആക്ടിന്റെ 13 (8) – ാം വകുപ്പ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്ത് പണയവസ്തു കടക്കാർക്ക് വിടുതൽ ചെയ്ത് എടുക്കാവുന്നതാകുന്നു. ടി വസ്തു സംബന്ധിച്ച് യാതൊരു ഇടപാടും നടത്തരുതെന്ന് വായ്പക്കാരേയും പൊതുജനങ്ങളെയും തെര്യപ്പെടുത്തുന്നതിനൊപ്പം അതിനു വിരുദ്ധമായി ഏതെങ്കിലും ഇടപാട് നടത്തുന്നപക്ഷം ആയത് **ഫെഡറൽ ബാങ്ക് ലിമിറ്റഡിന്** ലഭിക്കാനുള്ള 03-09-2019ലെ തുകയായ രൂപ **1,42,68,090/- (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി അറുപത്തി എണ്ണായിരത്തി തൊണ്ണൂറ് രൂപ)** യ്ക്കും പലിശയ്ക്കും മറ്റ് ചിലവുകൾക്കും വിധേയമായിരിക്കുമെന്നും അറിയിച്ചുകൊള്ളുന്നു.

സ്ഥാവര വസ്തുവിന്റെ വിവരണം

കേരള സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, മാറമ്പിള്ളി വില്ലേജിൽ, റീ സർവ്വേ നമ്പർ 30/11,30/10,30/09 & 30/8, പഴയ സർവ്വേ നമ്പർ 14/1A,1B,2A,2B,13/7B & 6, ബ്ലോക്ക് നമ്പർ 23ൽ പെട്ട 96.96 ആർസ് (239.49 സെന്റ്) സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റു സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: വഴി; **തെക്ക്**: ആലുവ-പെരുമ്പാവൂർ PWD റോഡ്; **പടിഞ്ഞാറ്**: കബീർ വക വസ്തു; **വടക്ക്**: പെരിയാർ നദി.

തീയതി : 03-09-2019 (ഒപ്പ് ഫെഡറൽ ബാങ്ക് ലിമിറ്റഡിനു വേണ്ടി)
സ്ഥലം : എറണാകുളം (SARFAESI) ആക്ട് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ)

E1909-407849

എൽസിആർഡി/എറണാകുളം ഡിവിഷൻ
ഗ്രൗണ്ട് ഫ്ളോർ, ഫെഡറൽ ടവേഴ്സ്, മറൈൻ ഡ്രൈവ്, കൊച്ചി – 31,
TEL: 0484-2385598, 2201800
Email: ekmlcrd@federalbank.co.in
FEDERAL BANK
YOUR PERFECT BANKING PARTNER

കൈവശാവകാശ നോട്ടീസ്

2002-ാം ആണ്ടിലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ-കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആ